"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - മലപ്പുറം തിരൂർ ജില്ലാ ആശുപത്രിയിൽ സീനിയർ നഴ്സിംഗ് ഓഫീസറായി ജോലി ചെയ്തിരുന്ന ശ്രീമതി. നളിനി മഠത്തിൽ എന്നയാൾക്ക് ഇൻക്രിമെന്റ് തെറ്റായി അനുവദിച്ചതിനാൽ ഉണ്ടായ ബാധ്യത തുക 20 ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1302/2026/H&FWD തീയതി,തിരുവനന്തപുരം, 31-03-2026

---

പരാമർശം:-
1. സർക്കുലർ നം. 24/2021/ധന തീയതി 10.03.2021
2. സർക്കുലർ നം. 26/2021/ധന തീയതി 18.03.2021
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) -ന്റെ 17.09.2022 ലെ AMG III(HQ)/II-2/12-21/2022-23/116 നമ്പർ കത്ത്
4. ശ്രീമതി. നളിനി മഠത്തിൽ സമർപ്പിച്ച 08.04.2025 ലെ നിവേദനം
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10.01.2026 ലെ DHS/16076/2025-AC5 നം. കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ, തിരൂർ ജില്ലാ ആശുപത്രിയിൽ സീനിയർ നഴ്സിംഗ് ഓഫീസറായി 01.05.2019 മുതൽ 31.07.2022 വരെ ജോലി ചെയ്തിരുന്ന ശ്രീമതി. നളിനി മഠത്തിൽ-ന് തെറ്റായി ഇൻക്രിമെന്റ് അനുവദിച്ചതായി പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) നടത്തിയ പരിശോധനയിൽ കണ്ടെത്തുകയും, ₹1,40,726/-(ഒരു ലക്ഷത്തി നാൽപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) ടിയാളുടെ ബാധ്യതയായി നിശ്ചയിച്ച് ടിയാളിൽ നിന്നും തിരിച്ചു പിടിക്കണമെന്നും പരാമർശം (3) പ്രകാരം നിർദ്ദേശിക്കുകയും, പ്രസ്തുത തുക 20 ഗഡുക്കളായി തിരിച്ചടക്കുന്നതിന് അനുമതി നൽകണമെന്ന് ശ്രീമതി. നളിനി മഠത്തിൽ അഭ്യർത്ഥിച്ചിട്ടുള്ളതായും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ശ്രീമതി. നളിനി മഠത്തിൽ എന്നയാൾക്ക് തെറ്റായി ഇൻക്രിമെന്റ് അനുവദിച്ച ഇനത്തിൽ അധിക ബാധ്യതയായി നിശ്ചയിച്ച Rs.140726/-(ഒരു ലക്ഷത്തി നാൽപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) തുക 20 ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന്

പരാമർശം (1), (2) സർക്കുലറുകളുടെ വെളിച്ചത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. നളിനി മഠത്തിൽ, സീനിയർ നഴ്സിംഗ് ഓഫീസർ, മഞ്ചേരി ഗവ.മെഡിക്കൽ കോളേജ്, മലപ്പുറം
സൂപ്രണ്ട്, സർക്കാർ ജനറൽ ആശുപത്രി, മഞ്ചേരി, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ),കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ(c3/2/2026/ആ.കു.വ)

ഉത്തരവിൻ പ്രകാരം
Signed by
Rekha Johnson
Date: 01-04-2026 11:23:47
സെക്ഷൻ ഓഫീസർ